ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാൻ രണ്ടു മൂന്നു പ്രാവശ്യം അവിടെ പോയി കണ്ടിട്ടുണ്ട്, പരിശോധിച്ചിട്ടുള്ളതുമാണു്. കുറേ അസൗകര്യങ്ങളുണ്ടെന്നുള്ളതു ശരിയാണു്. അടുത്ത വഷ്ത്തിൽ കുറെയൊക്കെ പരിഹരിക്കുവാൻ സാധിക്കുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : 200-ൽ ചിലപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സ്ഥലത്തു് ഇന്നു 900-ത്തിലധികം രോഗികളെ കിടത്തി ചികിത്സിക്കുകയാണെന്നു മന്ത്രി ഇവിടെ പറയുകയുണ്ടായി. കൂടുതൽ കെട്ടിടം പണിയുവാൻ തീരുമാനമില്ലെന്നാണു് പറഞ്ഞതു്. പിന്നെ എങ്ങനെയാണു് അടുത്ത കൊല്ലം സ്ഥലമുണ്ടാകുന്നതു്? പേ വാർഡു് പണിയുന്നതിൽ സൗകര്യമുണ്ടാക്കാനാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അടുത്തകൊല്ലം കുറേ സൗകര്യം കൊടുക്കാൻ ഉദ്ദേശിക്കുന്നു എന്നാണു് പറഞ്ഞതു്. രോഗികളും ഉള്ള സ്ഥലത്തു് ഇന്നു ജീവിക്കുകയാണു്.

നേന്ത്രവാഴകൃഷിയും കയറ്റുമതിയും.

* 648. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേന്ത്രവാഴപ്പഴം കയറ്റുമതി കോർപ്പറേഷൻ എന്ന പേരിൽ ഒരു വ്യാപാരസ്ഥാപനം തുടങ്ങുന്നതിൽ കേരള ഗവണ്മെൻറു് ഷെയറെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗവണ്മെൻറു് ഉടമസ്ഥതയിൽ നേന്ത്രവാഴ കൃഷി തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നിബന്ധനകളിൽ ; എവിടെയെല്ലാം ;

(ഡി) ഇതിലേക്കു് കേന്ദ്ര ഗവണ്മെൻറിൻറേയോ മറേറതെങ്കിലും ഗവണ്മെൻറുകളുടേയോ സഹായങ്ങൾ കിട്ടുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം വ്യവസ്ഥകളിന്മേൽ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ദി സൗത്തു് ഇൻഡ്യാ ബനാനാ ആൻറു് ഫ്രൂട്ടു് ഡവലപ്പുമെൻറു കമ്പനിയിൽ ഷെയറെടുക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നു.

(ബി) അങ്ങനെ ഒരു പദ്ധതി ഉദ്ദേശിക്കുന്നുണ്ടു്. അവസാന തീരുമാനമായിട്ടില്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ഗവണ്മെൻറു് വാഴ കൃഷിത്തോട്ടമുണ്ടാക്കാൻവേണ്ടി ആലോചന നടത്തുന്നുണ്ടെന്നു പറഞ്ഞു. ഈ കയറ്റുമതിയെ സംബന്ധിച്ചുള്ളതു മാത്രമാണോ, അതോ സംസ്ഥാനത്തെ വാഴ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി റിസർച്ചു് കം പ്രൊഡക്ഷൻ ഫാം നടത്തുന്നതിനുവേണ്ടിയുള്ള ആലോചനയോ മറേറാ ആണോ ?

ശ്രീ. ഈ. പി. പൗലോസു് : റിസർച്ചു് സ്റ്റേഷനു് ഒരു പരിപാടി വേറെയുണ്ടു്. വാഴയ്ക്കു് വരുന്ന സുഖക്കേടിനു് മരുന്നു വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വേറെയുണ്ടു്. അതുകൂടാതെ ആയിരം ഏക്കർ സ്ഥലത്തു് വാഴ കൃഷി നടത്തുന്നതിനുള്ള പദ്ധതി വേറെയുമുണ്ടു്. ആയിരം ഏക്കറിൽ വാഴ കൃഷി നടത്തുന്നതിനുള്ള പദ്ധതിക്കു് അവസാന രൂപമായിട്ടില്ല. അതിനുള്ള സ്ഥലം നോക്കിവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : നേന്ത്രവാഴപ്പഴം കയറ്റുമതി ചെയ്യുന്നതു് കൃഷിക്കാരുടെ കോവാപ്പറേറ്റീവു് സൊസൈറ്റികളും ശുപാർശചെയ്തു് അതു മുഖാന്തിരം നടത്തുമെന്നാണു് പത്രങ്ങളിൽ കണ്ടതു്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞതു് ഒരു സ്വകാര്യകമ്പനിയിൽ ഗവണ്മെന്റു് ഷെയർ എടുക്കാൻ ഉദ്ദേശിക്കുന്നു എന്നാണു്. ഇതിന്റെ കാരണമെന്താണു് ? സഹകരണാടിസ്ഥാനത്തിൽ ഇങ്ങനെ കൃഷിക്കാരുടെ സംഘങ്ങളുണ്ടാക്കി അതു മുഖാന്തിരം ചരക്കു് എക്സ്പോർട്ടു് ചെയ്യുന്ന കാര്യം ഗവണ്മെന്റു് പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : മദ്രാസു്, മൈസൂർ, കേരളം ഈ സ്റ്റേറ്റുകളെല്ലാംകൂടി ചേർന്നാണു് ടി സൗത്തു് ഇൻഡ്യാ ബനാനാ ആൻറു് ഫ്രൂട്ടു് ഡവലപ്പുമെൻറു് കമ്പനി ഉണ്ടാക്കിയിട്ടുള്ളതു്. 10 ലക്ഷം രൂപയാണു് ഇതിന്റെ മൂലധനം. ഈ സ്റ്റേറ്റിനു് അതിൽ ഷെയറെടുക്കണം 1,27,000 രൂപയുടെ ഷെയർ എല്ലാ സ്റ്റേറ്റുകളും എടുക്കുകയാണു്. അല്ലാതെ ഇവിടെ നിന്നു നേരിട്ടു കയറ്റി അയയ്ക്കാൻ ഗവണ്മെൻറിനു പരിപാടിയില്ല.

ശർക്കര വിലക്കയറ്റം.

* 649. [15] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അടുത്ത കാലത്തു കമ്പോളത്തിൽ ശർക്കരയ്ക്കു് ക്ഷാമവും വില വർദ്ധനയും ഉണ്ടായ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റേറ്റിലേക്കു് എത്ര ശർക്കര വേണം എന്നു കണക്കുണ്ടോ ;

(സി) ഇവിടെ എത്ര ഉൽപാദിപ്പിക്കുന്നു ; എത്ര ഇറക്കുമതി ചെയ്യുന്നു;

(ഡി) സാധാരണക്കാരന്റെ നിത്യോപയോഗസാധനമായ ശർക്കര വേണ്ടത്ര കിട്ടുമാറാക്കുവാൻ വേണ്ടുന്ന നടപടികളും ഗവണ്മെൻറു് എടുക്കുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) 1963 നവംബർ, ഡിസംബർ മാസങ്ങളിൽ ശർക്കരയ്ക്കു് ചില സ്ഥലങ്ങളിൽ അൽപ്പം വില വർദ്ധനവുണ്ടായിട്ടുണ്ടു്. പറയത്തക്ക ക്ഷാമം ഉണ്ടായിട്ടില്ല.

(ബി,സി) കൃത്യമായ കണക്കില്ല. പ്രതിവർഷം ഉദ്ദേശം ഒരു ലക്ഷം ടൺ ആവശ്യമുണ്ടു്.

(ഡി) വേണ്ട നടപടികളും എടുത്തുവരുന്നു.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : നമ്മുടെ സ്റ്റേറ്റിനാവശ്യമായ ശർക്കര ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ളതാണു് പരമാർത്ഥം. അതു കൊണ്ടാണു് ഈ ക്ഷാമം ഉണ്ടാകുന്നതെന്നു പറയുന്നു എങ്കിലും മറ്റു സ്റ്റേറ്റുകളിൽനിന്നു് ഇവിടേക്കാവശ്യമുള്ള ശർക്കര നിയന്ത്രണമില്ലാതെ ഇറക്കുമതി ചെയ്യാൻ വല്ല നടപടികളും എടുക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : നിയന്ത്രണമില്ലാതെ ആവശ്യമുള്ള ശർക്കര ഇപ്പോഴും തന്നെ മദ്രാസിൽനിന്നും മൈസൂരിൽനിന്നും കിട്ടുന്നുണ്ടു്. ഇവിടത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടോ എന്നുള്ള കാര്യം അറിഞ്ഞുകൂടാ.

ശ്രീ. പി. ഗോപാലൻ : മദ്യനിരോധന മേഖലകളിൽ പുതിയതായി വന്നിട്ടുള്ള 'വിപ്ലവാരിഷ്ടത്തി'നു് ഈ ശർക്കര ഉപയോഗിക്കുന്നതുകൊണ്ടാണു് ശർക്കരയ്ക്കു് ഇത്ര ക്ഷാമം വന്നിട്ടുള്ളതെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly